Sectt. 37
3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - വനമേഖല ജാഗ്രതാ സമിതികളുടെ രൂപീകരണം- മാർഗ്ഗ നിർദ്ദേശകരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഇ) വകുപ്പ്

സർക്കാർ ഉത്തരവ് (എംഎസ്) നം.69/12/വനം തീയതി 21.06 .2012

---

പരാമർശം :- 1. 10.02.2010–ന് ബഹു. ആഭ്യന്തര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന വനമേഖല ജാഗ്രതാ സമിതി രൂപീകരണം സംബന്ധിച്ച യോഗത്തിന്റെ നടപടിക്രമം

2.പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11.10.2010-ലെ E &T W/ 214/2010 നമ്പർ കത്ത്

## ഉത്തരവ്

ആദിവാസികളുടെയും മറ്റു വനവാസികളുടെയും പരാധീനതകൾ പരിഹരിക്കുന്നതിനും അവരെ ശാക്തീകരിയ്ക്കുന്നതിനും വനവാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വനത്തിനുള്ളിലെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനും വനത്തിനുള്ളിൽ നടക്കുന്ന നിയമ വിരുദ്ധമായ എന്തു നടപടിയും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വന ജാഗ്രതാ സമിതികൾ രൂപീകരിയ്ക്കാൻ പരാമർശം ഒന്ന് പ്രകാരം തീരുമാനിച്ചു. ആയതു പ്രകാരം വനമേഖല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം രണ്ടു പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വനമേഖല കേന്ദ്രീകരിച്ച് സ്റ്റേഷൻ/സെക്ഷൻ തലത്തിലും റെയിഞ്ചുതലത്തിലും ജില്ലാതലത്തിലും വനമേഖല ജാഗ്രതാ സമിതികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത വനമേഖല ജാഗ്രതാ സമിതി രൂപീകരണം സംബന്ധിച്ചുണ്ടാകുന്ന ചെലവായ 43.30 ലക്ഷം (നാല്പത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ) 2406-01-800-95-വന സംരക്ഷണം-34 (മറ്റു ചെലവുകൾ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശ രേഖ അനുബന്ധമായി ഈ ഉത്തരവിനോടൊപ്പം ചേർക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.കെ.മൊഹന്തി
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം

4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. ആഭ്യന്തര വകുപ്പ്/റവന്യൂ വകുപ്പ്/ട്രൈബൽ ഡവലപ്പ്മെന്റ് വകുപ്പ്/തദ്ദേശ സ്വയം ഭരണ വകുപ്പ്/എക്സൈസ് വകുപ്പ്
6. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം
7. ട്രൈബൽ ഡവലപ്പ്മെന്റ് ഡയറക്ടർ
8. പഞ്ചായത്ത് ഡയറക്ടർ
9. പബ്ലിക്ക് റിലേഷൻസ് വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. ഉദ്ദേശ ലക്ഷ്യങ്ങൾ

സംസ്ഥാനത്തെ വനങ്ങളെ ഭീകര ദേശവിരുദ്ധ പ്രവർത്തകർ തങ്ങളുടെ ഒളി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ഇന്റലിജൻസ് റിപ്പോർട്ട് നിലനിൽക്കുന്ന സാഹചര്യത്തിൽ വനത്തിനുള്ളിലെ ആദിവാസി ഗോത്രങ്ങളുടെയും വനസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ സമിതികളുടെയും പങ്കാളിത്തത്തോടു കൂടി വനത്തിലുള്ളിലെ ഭീകര വിധ്വംസക പ്രവർത്തനങ്ങൾക്കുള്ള സാഹചര്യം ഒഴിവാക്കി രാജ്യ സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം വനമേഖലയിലെ ആദിവാസികൾ ഉൾപ്പെടെയുള്ള ജന വിഭാഗത്തിന്റെ സുരക്ഷ ഉറപ്പാക്കി അവരെ ശാക്തീകരിക്കേണ്ടതുമുണ്ട്. പോലീസ്, റവന്യൂ, വനം, ട്രൈബൽ ഡവലപ്പ്മെന്റ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും വന സംരക്ഷണ സമിതികളിലെയും പരിസ്ഥിതി വികസന സമിതികളിലെയും വനമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഇതര സംഘടനകളുടെയും പ്രതിനിധികളെയും ഉൾപ്പെടുത്തി സംസ്ഥാനത്ത് സ്റ്റേഷൻ/സെക്ഷൻ തലത്തിൽ 300 സമിതികളും റേയ്ഞ്ച് തലത്തിൽ 100 സമിതികളും ജില്ലാ തലത്തിൽ 14 വനമേഖല ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്.

വനപ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന പ്രവർത്തനങ്ങളെ നിരീക്ഷിച്ച് സംശയകരമായ സാഹചര്യങ്ങളെപ്പറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തര വിവരം നല്കേണ്ട ചുമതലയാണ് വനമേഖല ജാഗ്രതാ സമിതികൾക്കുള്ളത്. ഇതിനായി ജില്ലാ തലത്തിൽ ജില്ലാ തല വനമേഖല ജാഗ്രതാ സമിതിയും റേയ്ഞ്ച് തലത്തിൽ റേയ്ഞ്ച് തല വനമേഖല ജാഗ്രതാ സമിതിയും കൂടാതെ സ്റ്റേഷൻ/സെക്ഷൻ തലത്തിൽ സ്റ്റേഷൻ/സെക്ഷൻ തല വനമേഖല ജാഗ്രതാ സമിതികളും പ്രവർത്തിക്കുന്നു.

## 2. സ്റ്റേഷൻ/സെക്ഷൻതല വനമേഖല ജാഗ്രതാ സമിതി

ഘടന

ചെയർപേഴ്സൺ - ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ

അംഗങ്ങൾ 1. റവന്യൂ ഇൻസ്പെക്ടർ/വില്ലേജ് ഓഫീസർ

2. പോലീസ് സബ് ഇൻസ്പക്ടർ
3. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/മെമ്പർ
4. ട്രൈബൽ ഡവലപ്പ്മെന്റ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ
5. എക്സൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ
6. പ്രസ്തുത ഫോറസ്റ്റ് സ്റ്റേഷന്റെ/സെക്ഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി റേയ്ഞ്ചേഴ്സ്/സെക്ഷൻ ഫോറസ്റ്റേഴ്സ്
7. സ്റ്റേഷൻ/സെക്ഷൻ പരിധിയിൽ വരുന്ന വി.എസ്.എസ്, പരിസ്ഥിതി സംരക്ഷണ സമിതികൾ എന്നിവയിലെ തിരഞ്ഞെടുക്കപ്പെട്ട അഞ്ച് അംഗങ്ങൾ (ഇവരിൽ കുറഞ്ഞത് മൂന്ന് പേർ പട്ടികവർഗ്ഗത്തിൽപ്പെട്ടവരും ഒരാൾ വനിതാ അംഗവുമായിരിക്കണം. വി.എസ്.എസ്-ന്റെയും ഇ.ഡി.സി യുടെയും പ്രവർത്തനമേഖലയിൽ വരാത്ത സെറ്റിൽമെന്റുകളിലെ പ്രതിനിധികളെ

സമിതിയിലേയ്ക്ക് പ്രത്യേകം നോമിനേറ്റ് ചെയ്യേണ്ടതാണ്. )

8. ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷൻ പ്രദേശത്ത് സുപരിചിതരായവരും വനമേഖലയിൽ പ്രവർത്തിക്കുന്നവരുമായ ട്രൈബൽ സ്കൂൾ അദ്ധ്യാപകർ, മൾട്ടി ഗ്രേഡ് പഠന കേന്ദ്രങ്ങളിലെ അദ്ധ്യാപകർ, ട്രൈബൽ പ്രൊമോട്ടേഴ്സ്, കുടുംബശ്രീ അംഗങ്ങൾ മുതലായവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് അംഗങ്ങൾ.

9. സർക്കാർ ഇതര സംഘടനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ.

മേൽ പരാമർശിച്ച അംഗങ്ങളിൽ ക്രമ നമ്പർ 7, 8, 9 പ്രകാരമുള്ളവരെ ഡെപ്യൂട്ടി റേയ്ഞ്ച് ഓഫീസർ ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടർ എന്നിവർ യോജിച്ച് ചേർന്ന് തീരുമാനിക്കേണ്ടതാണ്.

## 3. റേയ്ഞ്ച്തല വനമേഖല ജാഗ്രതാ സമിതി

ഘടന

ചെയർപേഴ്സൺ - റവന്യൂ ഡിവിഷണൽ ഓഫീസർ

അംഗങ്ങൾ 1. ഫോറസ്റ്റ് റേയ്ഞ്ച് ഓഫീസർ (കൺവീനർ)

2. തഹസീൽദാർ
3. പോലീസ് സർക്കിൾ ഇൻസ്പക്ടർ
4. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്
5. താലൂക്ക് തലത്തിലുള്ള ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ
6. എക്സൈസ് സർക്കിൾ ഇൻസ്പക്ടർ
7. ബന്ധപ്പെട്ട റേയ്ഞ്ചുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി റെയിഞ്ചർമാർ (ഫോറസ്റ്റ് സ്റ്റേഷൻ ഇല്ലാത്ത റെയിഞ്ചുകളിൽ സെക്ഷനുകളുടെ ചുമതല വഹിക്കുന്ന സെക്ഷൻ ഫോറസ്റ്റേഴ്സ്)
8. ഫോറസ്റ്റ് റെയിഞ്ചിൽ പ്രവർത്തിക്കുന്ന വി.എസ്.എസ്, പരിസ്ഥിതി സംരക്ഷണ സമിതികൾ എന്നിവയിൽ നിന്നുള്ള 10 അംഗങ്ങൾ (ഇവരിൽ കുറഞ്ഞത് 6 പേർ പട്ടികവർഗ്ഗത്തിൽപ്പെട്ടവരും 3 പേർ വനിതാ അംഗവുമായിരിക്കണം. പ്രസ്തുത റേയ്ഞ്ചിലെ ഏതെങ്കിലും സെറ്റിൽമെന്റുകൾ വി.എസ്.എസ്, ഇ.ഡി.സി എന്നിവയുടെ പ്രവർത്തന പരിധിയിൽ വരാത്തവയാണെങ്കിൽ ടി സെറ്റിൽമെന്റിലെ പ്രതിനിധികളെ പ്രത്യേകം നോമിനേറ്റ് ചെയ്യേണ്ടതാണ്.)
9. ഫോറസ്റ്റ് റേയ്ഞ്ചിൽ സുപരിചിതരായവരും വനമേഖലയിൽ പ്രവർത്തിക്കുന്നവരുമായ ട്രൈബൽ സ്കൂൾ അദ്ധ്യപകർ, മൾട്ടി ഗ്രേഡ് പഠന കേന്ദ്രങ്ങളിലെ അദ്ധ്യാപകർ, ഗിരിവർഗ്ഗോദ്ധാരകർ, കുടുംബശ്രീ അംഗങ്ങൾ മുതലായവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ.
10. സർക്കാർ ഇതര സംഘടനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു പേർ.

(മേൽ പരാമർശിച്ച അംഗങ്ങളിൽ ക്രമ നമ്പർ 8, 9, 10 പ്രകാരമുള്ളവരെ ഫോറസ്റ്റ് റേയ്ഞ്ച് ഓഫീസർ

ബന്ധപ്പെട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവർ യോജിച്ച് ചേർന്ന് തീരുമാനിക്കേണ്ടതാണ്.)

## 4. ജില്ലാതല വനമേഖല ജാഗ്രതാ സമിതി

ഘടന

ചെയർപേഴ്സൺ - ജില്ലാ കളക്ടർ

കൺവീനർ - ജില്ലയിലെ നോഡൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

അംഗങ്ങൾ 1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ അദ്ദേഹം നാമ നിർദ്ദേശം ചെയ്യപ്പെട്ടയാൾ

2. ജില്ലാ പോലിസ് സൂപ്രണ്ട്
3. സംസ്ഥാന പോലീസ് സ്പെഷ്യൽ ബ്രാഞ്ചിലെ ഒരു പ്രതിനിധി
4. ജില്ലയിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ/വൈൽഡ് ലൈഫ് വാർഡൻമാർ
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ
6. ജില്ലാ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ /പ്രോജക്ട് ഓഫീസർ ഐ.റ്റി.ഡി.പി
7. ജില്ലാ ഇൻഫർമേഷൻ ഓഫീസർ
8. ജില്ലയിലെ സ്റ്റേഷൻ/സെക്ഷൻ തല വനമേഖല സമിതികൾ, റേയ്ഞ്ചുതല വന മേഖല സമിതികൾ എന്നിവയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട അഞ്ച് അംഗങ്ങൾ. (ഈ അംഗങ്ങളെ ജില്ലാ പോലിസ് സൂപ്രണ്ട്, ജില്ലയിലെ നോഡൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ /പ്രോജക്ട് ഓഫീസർ ഐ.റ്റി.ഡി.പി എന്നിവർ ചേർന്ന് തിരഞ്ഞെടുക്കുന്നു.)
9. സർക്കാർ ഇതര സംഘടനയിലെ രണ്ടു പേർ. (ഈ അംഗങ്ങളെ ജില്ലാ പോലിസ് സൂപ്രണ്ട്, ജില്ലയിലെ നോഡൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ /പ്രോജക്ട് ഓഫീസർ ഐ.റ്റി.ഡി.പി എന്നിവരുമായി കൂടിയാലോചിച്ച് ജില്ലാ കളക്ടർ ഇവരെ നോമിനേറ്റ് ചെയ്യേണ്ടതാണ്)

5. വനമേഖല ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിനായി വേണ്ടിവരുന്ന മതിപ്പുചെലവുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇന വിവരം | തുക (ലക്ഷത്തിൽ) |
|---|---|---|
| എ) | സ്റ്റേഷൻ/സെക്ഷൻ തലത്തിലെ സമിതികളുടെ മീറ്റിംഗുകൾക്കും മറ്റു പ്രവർത്തനങ്ങൾക്കുമായി വേണ്ടി വരുന്ന ചെലവ് - (300 സമിതികൾക്ക് പ്രതിവർഷം 5000 രൂപ നിരക്കിൽ) | 15 |
| ബി) | റേഞ്ച് തലത്തിലെ സമിതികളുടെ മീറ്റിംഗുകൾക്കും മറ്റു പ്രവർത്തനങ്ങൾക്കുമായി വേണ്ടി വരുന്ന ചെലവ് - (100 സമിതികൾക്ക് പ്രതിവർഷം 10000 രൂപ നിരക്കിൽ) | 10 |
| സി) | ജില്ലാ തലത്തിലെ സമിതികളുടെ മീറ്റിംഗുകൾക്കും മറ്റു പ്രവർത്തനങ്ങൾക്കുമായി വേണ്ടി വരുന്ന ചെലവ് - (14 സമിതികൾക്ക് പ്രതിവർഷം 25000 രൂപ നിരക്കിൽ) | 3.5 |

| | | |
|---|---|---|
| ഡി) | സമിതികളുടെ ആവശ്യത്തിന് മോബൈൽ ഫോണുകൾ വാങ്ങുന്നത് സംബന്ധിച്ച ചെലവ്-ഒരു ഫോണിന് 2000/- രൂപ നിരക്കിൽ 400 എണ്ണത്തിന് (ആദ്യവർഷത്തേക്കുമാത്രം) | 8 |
| ഇ) | ബി എസ് എൻ എൽ- ന്റെ പ്ലാൻ 100 സ്കീമിൽ 400 മോബൈൽ ഫോണുകൾക്ക് വേണ്ട മൊബൈൽ ഫോൺ ചാർജ് . (ഒരു കണക്ഷന് 100/- രൂപ നിരക്കിൽ ) | 4.8 |
| എഫ്) | പ്രതിഫലങ്ങൾ, മറ്റു കാഷ് ഇൻസന്റീവ്സ് | 2 |
| | ആകെ | 43.3 |

6. സ്റ്റേഷൻ/സെക്ഷൻ തല വനമേഖല ജാഗ്രതാ സമിതികളുടെ രൂപീകരണം ഫോറസ്റ്റ് റേയ്ഞ്ച് ഓഫീസർമാരിലും റേയ്ഞ്ചുതല സമിതികളുടെ രൂപവൽക്കരണം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിലും നിക്ഷിപ്തമായിരിക്കും.

7. ഒരു ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷൻ ഒന്നിലധികം പോലീസ് സബ് ഇൻസ്പെക്ടർമാരുടേയോ വില്ലേജ് ഓഫിസർമാരുടെയോ അധികാരപരിധിയിൽ വരുന്നു എങ്കിൽ പ്രസ്തുത സ്റ്റേഷന്റെ പരിധി ഭൂരിഭാഗം പ്രദേശങ്ങളുടെ അധികാരം കൈയ്യാളുന്ന പോലീസ് ഇൻസ്പെക്ടറും വില്ലേജ് ഓഫിസറുമായിരിക്കും ബന്ധപ്പെട്ട സ്റ്റേഷൻ/സെക്ഷൻ തല സമിതിയിലെ പോലീസ്, റവന്യൂ വകുപ്പുകളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ.

8. ഇതേ പോലെ തന്നെ ഒരു ഫോറസ്റ്റ് റേയ്ഞ്ച് ഉൾക്കൊള്ളുന്ന ഭൂപ്രദേശം ഒന്നിലധികം പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരുടേയോ തഹസീൽദാർമാരുടെയോ അധികാരപരിധിയിൽ വരുന്നു എങ്കിൽ പ്രസ്തുത ഭൂപ്രദേശത്തിന്റെ ഭൂരിഭാഗം പ്രദേശത്തിന്റെ ചുമതലയുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടറും തഹസീൽദാരുമായിരിക്കും ടി വകുപ്പുകളെ പ്രതിനിധീകരിക്കുന്ന റേഞ്ച്തല വനമേഖല ജാഗ്രതാ സമിതി അംഗങ്ങൾ.

9. സ്റ്റേഷൻ/സെക്ഷൻതല സമിതികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം കൂടി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് റേഞ്ച് തല സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. റേഞ്ച്തല ജാഗ്രതാ സമിതികൾ മൂന്നു മാസത്തിലൊരിക്കൽ യോഗം കൂടേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും സ്റ്റേഷൻ/സെക്ഷൻ തല സമിതികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി റിപ്പോർട്ട് ജില്ലാതല സമിതിക്ക് ലഭ്യമാക്കേണ്ടതുമാണ്.

11. ജില്ലാതല വനമേഖല ജാഗ്രതാ സമിതികൾ സ്റ്റേഷൻ/സെക്ഷൻതല വനമേഖല ജാഗ്രതാ സമിതികളുടെയും റേഞ്ച്തല സമിതികളുടെയും തീരുമാനങ്ങളെ വിലയിരുത്തേണ്ടതും അവയുടെ പ്രവർത്തനങ്ങളെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതുമാണ്. റേഞ്ച് തല വനമേഖല ജാഗ്രതാ സമിതികളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുമായോ സർക്കാരുമായോ യോജിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടത് ജില്ലാതല വനമേഖല ജാഗ്രതാ സമിതികളുടെ ചുമതലയാണ്. സാധാരണ ഗതിയിൽ ജില്ലാതല സമിതികൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും ആവശ്യമെങ്കിൽ അടിയന്തര യോഗങ്ങൾ ചേർന്ന് ഉചിത നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

12. സർക്കാർ ഇതര സംഘടനയിലെ പ്രതിനിധികളെ വനമേഖല ജാഗ്രതാ സമിതികളിലേക്ക്

തിരഞ്ഞെടുക്കുന്നതിന് മുൻപ് അവരുടെ മുൻകാല പ്രവർത്തനങ്ങളെപ്പറ്റി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് പരിശോധിക്കേണ്ടതാണ്.

13. വനമേഖല ജാഗ്രതാ സമിതിയുടെ സംസ്ഥാന നോഡൽ ഓഫീസർ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) ആയിരിക്കും.

**സ്റ്റേഷൻ/സെക്ഷൻ തല വനമേഖല ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ**

14. വനങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരശേഖരണവും വന പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമാണ് പ്രാഥമിക തലത്തിലെ (സ്റ്റേഷൻ/സെക്ഷൻ) വനമേഖല ജാഗ്രതാ സമിതികളിൽ നിക്ഷിപ്തമായിരിക്കുന്നത്.

15. ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ അനുവാദം കൂടാതെ വനത്തിൽ പ്രവേശിക്കുന്ന വ്യക്തികളേയും സംഘടനകളേയും സംബന്ധിച്ച വിവരം ശേഖരക്കുന്നതും സംശയകരമായ ഏതു സാഹചര്യങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുന്നതുമാണ്. വനത്തിനുള്ളിലേക്കും ആദിവാസി സെറ്റിൽമെന്റിലേക്കും നിരന്തരം സന്ദർശനം നടത്തുന്നവരുടെ പേര്, മേൽവിലാസം എന്നിവയും, ആദിവാസി വൈദ്യൻമാർ, അവരുടെ നിരന്തര സന്ദർശകർ എന്നിവരുടെ വിവരങ്ങളും ശേഖരിക്കേണ്ടതാണ്.

16. വന്യജീവിസമ്പത്തിന് നാശം വരുത്തുന്ന നായാട്ട്, വനഭൂമി തെറ്റിച്ചുള്ള അനധികൃത കഞ്ചാവ് കൃഷി എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ അന്വേഷണത്തിനായി ടി വിവരം സമിതികൾ ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

17. ഉൾവനങ്ങളിൽ സംശയകരമായി കാണുന്ന സാഹചര്യങ്ങളുടെ ഉറവിടം കണ്ടെത്തുന്നതിന് ആദിവാസികളുമായി നിരന്തര സമ്പർക്കം പുലർത്തേണ്ടതും വനത്തിൽ നിന്നു വിട്ടുനിൽക്കുന്ന വനവാസികളുടെ വിവരം ശേഖരിക്കേണ്ടതുമാണ്.

18. സ്റ്റേഷൻ/സെക്ഷൻ തലത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ സത്വരമായി ഡെപ്യൂട്ടി റേഞ്ചർ/ഫോറസ്റ്റർ എന്നിവരിലേയ്ക്കും പോലീസ് സബ് ഇൻസ്പെക്ടറിലേയ്ക്കും കൈമാറുന്നു. പ്രസ്തുത വിവരം ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള വനമേഖല ജാഗ്രതാ സമിതിയുടെ ഉയർന്ന തലത്തിലെ പ്രതിനിധികൾക്കും സംസ്ഥാന നോഡൽ ഓഫീസർക്കും ഒരേ സമയംതന്നെ ലഭിക്കുന്നു. റേഞ്ച് തല വനമേഖല ജാഗ്രതാ സമിതികളിലും ജില്ലാ തല വനമേഖല ജാഗ്രതാ സമിതി കളിലും ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഇതേ രീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെ സാദ്ധ്യമായ ചുരുങ്ങിയ സമയം കൊണ്ടുതന്നെ വിവരങ്ങൾ ബന്ധപ്പെട്ടവരിലെത്തിക്കാവുന്നതാണ്.

19. ലഭ്യമായ വിവരങ്ങളിന്മേൽ സ്വീകരിക്കപ്പെട്ട നടപടികൾ ഉന്നതതല സമിതികൾ പ്രാഥമിക തല സമിതികളെ അറിയിക്കുന്നു. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് സംസ്ഥാന നോഡൽ ഓഫീസർ പിരിയോഡിക്കൽ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതാണ്.

20. വനമേഖല ജാഗ്രതാ സമിതികൾ രൂപവൽക്കരിക്കുന്നതിലൂടെ വനവാസികളുടെ ശാക്തീകരണവും

ലക്ഷ്യമാക്കുന്നു.

21. സർക്കാരിന്റെ വിവിധ ക്ഷേമ, തൊഴിൽ പദ്ധതികളുടെ ആനുകൂല്യങ്ങൾ വനവാസികൾക്ക് പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതികളുടെ പരിധിയിൽ അവരെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടി വനമേഖല ജാഗ്രതാ സമിതികൾ സ്വീകരിക്കുന്നതാണ്.

22. വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വനപ്രദേശങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം ഊർജിതമാക്കേണ്ടതാണ്.

23. ആദിവാസികൾ നേരിടേണ്ടിവരുന്ന വിവിധതരം ചൂഷണങ്ങൾക്കെതിരെ വനമേഖല ജാഗ്രതാ സമിതികൾ ഉണർന്ന് പ്രവർത്തിക്കേണ്ടതും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ അവരെ പ്രാപ്തരാക്കുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

24. ആരോഗ്യ വകുപ്പിന്റെ സഹായത്തോടുകൂടി വനമേഖലയിൽ ആരോഗ്യക്യാമ്പ് സംഘടിപ്പിച്ച് ആരോഗ്യപരിപാലന രംഗത്ത് ആദിവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതും അടിസ്ഥാന വിദ്യഭ്യാസം ഉറപ്പാക്കുന്നതിനും ഉന്നത വിദ്യഭ്യാസം പ്രാപ്യമാക്കുന്നതിനും വേണ്ട സഹായങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

25. വന സംരക്ഷണ സമിതി, പരിസ്ഥിതി വികസന സമിതി എന്നിവ മുഖേന സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് വനവാസികൾക്ക് അടിയന്തര സാമ്പത്തിക സഹായം ലഭ്യമാവുന്ന ചുറ്റുപാട് സംജാതമാക്കേണ്ടതുമാണ്.

26. പരിസ്ഥിതിയ്ക്ക് ദോഷം വരുത്തുന്ന മാനുഷിക പ്രവർത്തനങ്ങളെപ്പറ്റിയും വ്യാജവാറ്റ്, സെറ്റിൽമെന്റുകൾക്കുള്ളിലെ അനധികൃത മദ്യ വിൽപ്പന തുടങ്ങിയ ദുഷ് പ്രവണതകളെപ്പറ്റിയും അവരെ ബോധവൽക്കരിക്കേണ്ടതുമാണ്.

27. എല്ലാ തലത്തിലുമുള്ള വനമേഖല ജാഗ്രതാ സമിതി അംഗങ്ങൾക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഒരു തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്.

28. വനമേഖല ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് ഉചിതമായ നിയന്ത്രണത്തോടുകൂടി ആശയ വിനിമയത്തിന് മൊബൈൽ ഫോണുകൾ നൽകുന്നതാണ്.

29. വനമേഖലയുടെ സുരക്ഷയെ സംബന്ധിച്ച നിർണ്ണായകമായ വിവരം നൽകുകയും അവസരോചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന വനമേഖല ജാഗ്രതാ സമിതി അംഗങ്ങൾക്ക് അംഗീകാരവും പാരിതോഷികവും നൽകുന്നതാണ്.

30. ഉദ്യോഗസ്ഥരുടെയും വിവിധ വകുപ്പുകളുടെയും സഹായത്തോടെ ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളെപ്പറ്റി അംഗങ്ങൾക്ക് പരിശീലനം നൽകേണ്ട ചുമതല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കായിരിക്കും.